# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997, 2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 17-12-2013

# സ്കൂൾ യൂണിഫോം :
# സർക്കാർ ഉത്തരവ് അംഗീകരിക്കില്ല

**കെ.എസ്.ടി.എ**

കേരളത്തിലെ സ്കൂളുകളിൽ യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള സർക്കാർ ഉത്തരവിലെ വിദ്യാർത്ഥികളെ അപമാനിക്കുന്നതും അപ്രായോഗികവുമായ നിർദ്ദേങ്ങൾ ഒഴിവാക്കിയില്ലെങ്കിൽ ഇതുമായ ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നിന്നും വിട്ടുനിൽക്കാൻ കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി തീരുമാനിച്ചു. സ്കൂൾ തുറന്ന് ഏഴുമാസം കഴിഞ്ഞിട്ടും യൂണിഫോം വിതരണത്തെ സംബന്ധിച്ച് തീരുമാനമെടുക്കാൻ വൈകിച്ച സർക്കാർ അപ്രായോഗിക നിർദ്ദേശങ്ങൾ മുന്നോട്ടുവെച്ചു ധൃതിപിടിച്ച് യൂണിഫോം വിതരണം ചെയ്യണമെന്ന് ശഠിക്കുന്നത് അധ്യാപകരെ പീഡിപ്പിക്കലാണെന്നും സംസ്ഥാന കമ്മിറ്റി അഭിപ്രായപ്പെട്ടു.

ഓരോ കുട്ടിയ്ക്കും രണ്ടുസെറ്റ് യൂണിഫോം വിതരണം ചെയ്യാൻ അനുവദിച്ച തുക 400 രൂപയാണ്. തയ്യൽക്കാരെ വിദ്യാലയങ്ങളിൽ കൊണ്ടുവന്ന് ഓരോ വിദ്യാർത്ഥിയുടെയും അളവെടുത്ത് യൂണിഫോം തയ്പിച്ച് നൽകണമെന്നുമാണ് ഉത്തരവ്. രണ്ടുസെറ്റ് യൂണിഫോമിന്റെ തയ്യൽ കൂലിതന്നെ 400 രൂപയോളം വരും. യൂണിഫോം തയ്പിച്ചുകൊടുക്കുന്നത് സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും പി.ടി.എ കൾക്കും വൻ ബാധ്യതയായിമാറും. ഒന്നുമുതൽ ഏഴുവരെ ക്ലാസുകളിൽ പാന്റ്സ് വേണ്ട നിക്കർ മതിയെന്നും ഏഴുവരെ ക്ലാസുകളിലെ പെൺകുട്ടികൾക്ക് ദുപ്പട്ട വേണ്ടെന്നുമുള്ള നിർദ്ദേശത്തെ വിദ്യാർത്ഥികളും രക്ഷിതാക്കളും ശക്തിയായി എതിർക്കുകയാണ്. പെൺകുട്ടികൾക്കടക്കം മാന്യമായി വസ്ത്രം ധരിക്കാനുള്ള അവകാശത്തെയാണ് സർക്കാർ ഹനിക്കുന്നത്. ഇത് കുട്ടികളുടെ അവകാശത്തെ ചോദ്യം ചെയ്യലാണ്.

സർക്കാർ ഉത്തരവിലെ അപ്രായോഗിക നിർദ്ദേശങ്ങൾ ഒഴിവാക്കി യൂണിഫോം വിതരണം കാര്യക്ഷമമാക്കിയില്ലെങ്കിൽ ഈ പ്രവർത്തനങ്ങളിൽ നിന്നും പ്രധാനാധ്യാപകർ വിട്ടുനിൽക്കാൻ കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റിയോഗം തീരുമാനിച്ചു. സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഡിസംബർ 19 ന് ജില്ലാകേന്ദ്രങ്ങളിൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളുടെയും പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിക്കാനും ഡിസംബർ 20 ന് സബ്ജില്ലാകേന്ദ്രങ്ങളിൽ യൂണിഫോം ഉത്തരവ് കത്തിക്കാനും കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി തീരുമാനിച്ചു.

യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് കെ.എൻ.സുകുമാരൻ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എം.ഷാജഹാൻ റിപ്പോർട്ട് അവതരിപ്പിച്ചു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി